&

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടി ക്രമങ്ങളാണുള്ളതെന്നും ആയത് ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കുണ്ടു ചിറപാലം, പുളിഞ്ഞോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

കുണ്ടുചിറപാലം പ്രവൃത്തിക്ക് 30-6-2016-ലെ G.O(Rt)No.1496/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. 19-9-2017-ലെ ഉത്തരവ് നമ്പർ APR-1/174/2017/KIIFB പ്രകാരം 10.17 കോടി രൂപയ്ക്ക് കിഫ്ബിയുടെ ഭരണാനുമതിയും നൽകി. ഇൻലാൻഡ് നാവിഗേഷൻ വൃട്ടായതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നതുകൊണ്ട് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ആയതുപ്രകാരം ഡിസൈൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതുക്കിയ ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയുടെ പുതുക്കിയ അനുമതി ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച്, സാങ്കേതികാനുമതി ലഭ്യമായശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. പുളിഞ്ഞോളിക്കടവ് പാലം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇൻലാൻഡ് നാവിഗേഷൻ വൃട്ടായതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നതുകൊണ്ട് റീഡിസൈൻ ചെയ്യേണ്ടതുണ്ട്. അതനുസരിച്ചുള്ള ഡിസൈൻ പുതുക്കിയശേഷം കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി വിശദമായ പദ്ധതിരേഖ സമർപ്പിക്കേണ്ടതുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

ചിറമംഗലം റെയിൽവേ മേൽപ്പാലം

84(694) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ചിറമംഗലം റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

27-4-2018-ലെ സ.ഉ.(സാധാ)നമ്പർ 780/2018/പൊ.മ.വ. പ്രകാരം ചിറമംഗലം റെയിൽവേ ലെവൽ ക്രോസിംഗ് നമ്പർ 173-ൽ പകരം മേൽപ്പാലം നിർമ്മിക്കുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ മേൽപ്പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡ്രോയിംഗിന് 31-12-2019-ന് ദക്ഷിണ റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് തിരൂർ തഹസിൽദാരുടെ ഓഫീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏറ്റെടുക്കാനുള്ള ഭൂമിയിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചശേഷം 7-1-2021-ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയ്ക്ക് ഭരണാനുമതി നൽകി; സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മൂന്നാറിൽ ഫ്ലൈഓവർ നിർമ്മാണം

85(695) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മൂന്നാറിൽ ഫ്ലൈഓവർ പണിയുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 25-9-2019-ൽ കിഫ്ബിയിൽ പദ്ധതിയുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ നിലവിലെ അലൈൻമെന്റിന് മാറ്റം ആവശ്യമായി വന്നതിനാൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾക്കായി കിഫ്ബിയിൽ സമർപ്പിക്കാൻ കഴിയും.

കൃഷ്ണപുരം മാന്ത്രിക്കുന്നേൽ റെയിൽവേ മേൽപ്പാലം

86(696) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ തുക വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ച കൃഷ്ണപുരം മാന്ത്രിക്കുന്നേൽ റെയിൽവേ മേൽപ്പാലം പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കായംകുളം നിയമസഭാ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം വില്ലേജിൽ മാന്ത്രിക്കുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ 60 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly